
ക്കളിലാണതു കഴിഞ്ഞുകൂടുന്നത്. ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിലും ഈ പ്രയാസമുണ്ട്. എന്നാലും അവിടെ ഇങ്ങനെ ജീവിക്കുന്ന കുടുംബങ്ങൾ ആകെയുള്ളതിന്റെ 34 ശതമാനം മാത്രമേയുള്ളൂ. ഇവ മുൻകാലത്ത് വൃക്ഷങ്ങൾ തിങ്ങിനിന്നതും, പച്ച പുതപ്പിട്ട ചരിവായിരുന്നു. വന നശീകരണം മൂലം അത് ഇന്ന മരുഭൂമിയോ വൃക്ഷശൂന്യമായി തീർന്നിരിക്കുകയാണ്. ഉപഗ്രഹം വഴി എടുത്ത ഫോട്ടോ ചിത്രങ്ങളനുസരിച്ച്, ആകെയുള്ള ഭൂവിസ്തൃതിയിൽ 12 ശതമാനം മാത്രമേ ഇന്ന് വൃക്ഷങ്ങളാൽ ആച്ഛാദിതമായിട്ടുള്ളൂ. ഇത് ശീതോഷ്ണാവസ്ഥയെ ബാധിക്കും. നിരന്തരമുണ്ടാകും. മണ്ണൊലിപ്പിന് ഇടയാക്കി ഭൂമിയുടെ ഫലപുഷ്ടി നശിപ്പിക്കും. ജനങ്ങൾക്ക് ആധുനിക രീതിയിലുള്ള ആരോഗ്യരക്ഷ നല്കുവാൻ പല രാജ്യങ്ങൾക്കും സാദ്ധ്യമല്ലാതെ വന്നിരിക്കുന്നു. അതുകൊണ്ട് ശുചിത്വം, ആരോഗ്യവിദ്യാഭ്യാസം, കുടുംബാസൂത്രണം എന്നിവയിലാണ് ചൈന ശ്രദ്ധ പതിപ്പിച്ചിരിക്കുന്നത്. ബിരുദമെടുത്ത ഡോക്ടർമാരെ ആശ്രയിക്കാതെ, അല്പകാലത്തെ പരിശീലനം നല്കി ഗ്രാമങ്ങളിൽ നിയോഗിക്കപ്പെടുന്ന വെറും തൊഴിലാളികളെക്കൊണ്ടാണ് വൻപിച്ച ഈ പരിപാടി നടത്തുന്നത്. ഇത് മറ്റു രാജ്യങ്ങളിൽ സാധിക്കുമോ എന്ന് പ്രബന്ധകർത്താക്കൾ സംശയിക്കുന്നു.

ജലക്ഷാമം, തൊഴിലില്ലായ്മ എന്നിവയാണ് അടുത്ത വിഷയങ്ങൾ. ധാരാളമായി ജലം ലഭിച്ചിരുന്ന പല സ്ഥലങ്ങളിലും, ജനപ്പെരുപ്പത്തിന്റെ ഫലമായി, ഇപ്പോൾ ദൗർലഭ്യം ഉണ്ടായിരിക്കുന്നു. ന്യൂയോർക്ക് നഗരത്തിന്റെ പല ഭാഗങ്ങളും ഇതിന് ഉദാഹരണമായി പ്രബന്ധത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കഴിഞ്ഞ നൂറാണ്ടിൽ ഈ പ്രദേശങ്ങളിലെല്ലാം കിണറു കുഴിച്ചാൽ ആവശ്യത്തിനുള്ള വെള്ളം കിട്ടുമായിരുന്നു. ഇപ്പോൾ അവിടെയുള്ള ജനങ്ങൾ വലിയ ചെലവിൽ ദൂരെ നിന്ന് കൊണ്ടുവരുന്ന കടൽ വെള്ളമാണ്. മറ്റു രാജ്യങ്ങളിലും, ഇതര ഭൂഖണ്ഡങ്ങളിലും നിരവധി ഉദാഹരണങ്ങൾ സുലഭമാണ്. ഒരു റൊട്ടിയുണ്ടാക്കുന്നതിന് ആവശ്യമായ ധാന്യം വിളയിക്കുന്നതിന് 120 ഗ്യാലൻ വെള്ളം വേണം. ഒരു റാത്തൽ ഇറച്ചി ലഭിക്കണമെങ്കിൽ 24,000 ഗ്യാലനും! തൊഴിലില്ലായ്മ എല്ലാ രാജ്യങ്ങളിലും പടർന്നുപിടിക്കുകയാണ്. യൂറോപ്പ്, വടക്കെ അമേരിക്ക, ജപ്പാൻ, ആസ്ത്രേലിയ, ന്യൂസീലണ്ട്, എന്നീ വ്യവസായവൽകൃത രാജ്യങ്ങളിൽ മാത്രം, 1975-ൽ, 170 ലക്ഷം തൊഴിലില്ലാത്തവർ ഉണ്ടായിരുന്നുവത്രെ. കഴിഞ്ഞ നാലു വർഷത്തിനിടയ്ക്ക് ഒരിക്കലും തൊഴിലില്ലായ്മ ഇത്രത്തോളം വർദ്ധിച്ചിട്ടില്ല. ഇന്ത്യയിൽ ഓരോ ആഴ്ചയിലും 100,000 ആളുകളാണ് ജോലി ചെയ്യാൻ കഴിവുള്ളവരായി തൊഴിൽ കമ്പോളത്തിൽ പുതിയതായി പ്രവേശിക്കുന്നത്. ക്രിസ്തുവർഷം രണ്ടായിരമാണ്ട്, തൊഴിൽ ചെയ്യാൻ കഴിവുള്ളവരുടെ എണ്ണം, വികസിത രാജ്യങ്ങളിൽ 1610 ലക്ഷമാകും. വികസ്വര രാജ്യങ്ങളിൽ 9220 ലക്ഷമാകും. വർദ്ധിക്കുമെന്നാണ് സമ്പന്നരാജ്യ തൊഴിലാളി സംഘടനയുടെ പ്രവചനം!

മനുഷ്യരുടെ എണ്ണം പെരുകുന്നതിന്റെ ഫലമായി ഭൂമിയിലുള്ള അനേകം ജീവജാതികൾ അന്യവംശങ്ങളായി മറഞ്ഞുപോകുന്നു എന്ന ഖേദകരമായ വസ്തുതയാണ് 20-ാമത്തെ ദോഷഫലം. ശാസ്ത്രത്തിന്റെ സഹായത്തോടെ മനുഷ്യൻ പലതും സൃഷ്ടിച്ചതായി അഭിമാനിക്കുന്നുണ്ടെങ്കിലും ഇതുവരെ ഒരു പുതിയ ജീവജാതിയെയും നിർമ്മിച്ചിട്ടില്ല. ആകെയുള്ള പത്തു ലക്ഷം ജന്തുജാതികളും മൂന്നുലക്ഷം സസ്യജാതികളും അവനെപ്പോലെ ഈ ഭൂമി ഗോളത്തിൽ ജീവിക്കുവാൻ അർഹതയുള്ളവയാണ്. അവയെ നശിപ്പിക്കുന്നത് അവനു തന്നെ വിനയായിത്തീരും.

ഊർജ്ജപ്രതിസന്ധി, വ്യക്തിസ്വാതന്ത്ര്യം എന്നിവയാണ് അവസാനമായി പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങൾ. ഊർജ്ജത്തിന്റെ കാര്യത്തിൽ ഖനിയെണ്ണയും, വിദ്യുച്ഛക്തിയും, മാത്രമല്ല വിറകും പരിഗണിക്കേണ്ടിയിരിക്കുന്നു. ഇവയൊന്നും ആവശ്യത്തിനു കിട്ടാതായിരിക്കുന്നു. ജനപ്പെരുപ്പം ആവശ്യത്തിന്റെ തോത് അപാരമായി വർദ്ധിപ്പിക്കും. അണുശക്തിയിൽ അർപ്പിച്ചിരുന്ന പ്രതീക്ഷകൾ വളരെയധികം മങ്ങിയിരിക്കുകയാണ്. അതിൽനിന്ന് ഉണ്ടാകാവുന്ന ആപത്തിനെപ്പറ്റി എന്തെന്നില്ലാത്ത ഭീതി പരന്നിരിക്കുന്നു. ജർമ്മനിയിലും മറ്റും ജനങ്ങളുടെ പ്രതിഷേധം കൊണ്ട് അണുശക്തി നിലയങ്ങൾ നിർമ്മിക്കാനുള്ള ചില പദ്ധതികൾ ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്. അവിടത്തെ അണുശക്തി വിദഗ്ദ്ധനായ ഒരു ശാസ്ത്രജ്ഞൻ ഭീകരപ്രവർത്തകരുമായി ബന്ധം പുലർത്തിയിരുന്നു എന്ന് സംശയിക്കപ്പെടുകയും, അത് രാജ്യദ്രോഹ പ്രക്ഷോഭണത്തിന് കാരണമാവുകയും ചെയ്തു. അമേരിക്കയിലെ ഒരു വിദ്യാർത്ഥി ആറ്റംബോംബുണ്ടാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ അടങ്ങിയ ഒരു ശാസ്ത്രീയ പ്രബന്ധം പ്രസിദ്ധപ്പെടുത്തി. ഇതിന്റെയെല്ലാം അപകടസാദ്ധ്യതകൾ ആലോചിച്ചാൽ ലോകം അന്ധാളിച്ചുപോകും.

ജനപ്പെരുപ്പം വ്യക്തിസ്വാതന്ത്ര്യത്തിന് തീർച്ചയായും ഒരു ഭീഷണിയാണ്. കൂടുതൽ കൂടുതൽ ആളുകൾ കണ്ടുമുട്ടുമ്പോൾ ഭൗതിക വിഭവങ്ങൾക്ക് വേണ്ടി മത്സരിക്കുമ്പോൾ സാമൂഹികമായ നിയന്ത്രണങ്ങൾ അനിവാര്യമായിത്തീരും. സ്വാതന്ത്ര്യം ജന്മാവകാശവും, 'സാക്ഷാൽ മോക്ഷവും.' മറ്റുമാണെന്ന് വാദിക്കുകയും വാഴ്ത്തുകയും ചെയ്യും. പക്ഷെ പ്രായോഗിക ജീവിതത്തിൽ, ഭരണാധികാരികളിൽ, ഇപ്പോഴും തന്നെ അത് പലതരം ചങ്ങലക്കെട്ടുകൾക്ക് വിധേയമാണ്. ഇന്നത്തെ ലോകഗതിയിൽ ഈ ബന്ധനങ്ങൾ ഉത്തരോത്തരം മുറുകി വരുവാനേ വഴി കാണുന്നുള്ളൂ. ജനപ്പെരുപ്പത്തെ നിയന്ത്രിക്കാതെ മനുഷ്യരാശിക്ക് മേൽഗതിയില്ല. ◻◼





Digitized by Kerala Sahitya Akademi